"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ശ്രീ അനീഷ് കുമാർ T P ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 237/2024ൻമേലുള്ള 20-2-2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ്-പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1162/2024/LSGD തീയതി,തിരുവനന്തപുരം, 28-06-2024

---

പരാമർശം:-

1. ശ്രീ അനീഷ് കുമാർ T P സമർപ്പിച്ച 13-2-2024 തീയതിയിലെ അപേക്ഷ.(അനക്ഷർ A 9 )
2. ശ്രീ അനീഷ് കുമാർ T P ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 237/2024ൻമേലുള്ള 20-2-2024 തീയതിയിലെ ഉത്തരവ്.
3. കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 21-5-2024ലെ LSGD/JD/KKD/4219/2024-A6 നമ്പർ കത്ത്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 18-6-2024 തീയതിയിലെ LSGD/PD/17598/2024-LL2 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ അനീഷ് കുമാർ T P, സർവ്വീസിൽ നിന്ന് വിരമിക്കാൻ 15 മാസം മാത്രമേ ബാക്കിയുള്ളു എന്ന വസ്തുത പരിഗണിക്കാതെ, താൻ ആവശ്യപ്പെട്ടിട്ടില്ലാത്തതും തികച്ചും അസൗകര്യപ്രദവുമായ വാണിമേൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചുവെന്നും ചട്ടങ്ങൾ പ്രകാരം സ്ഥലംമാറ്റപെടുന്ന ഒരു ജീവനക്കാരനെ സാധാരണ ഗതിയിൽ മൂന്നു വർഷം ആ കേന്ദ്രത്തിൽ തുടരാൻ അനുവദിക്കാറുണ്ട് എന്നത് ടിയാന്റെ കാര്യത്തിൽ പരിഗണിച്ചില്ല എന്നും ടിയാന് ആരോഗ്യപരമായ പ്രയാസം നേരിടുന്നതുകൊണ്ടും, ദിവസവും 130 കിലോമീറ്റർ യാത്ര ചെയ്യേണ്ടി വരുന്നതുകൊണ്ടും ടിയാന്റെ സ്വദേശത്തിന് 10 കിലോമീറ്റർ ചുറ്റളവിലുള്ള വടകര ബ്ലോക്ക് പഞ്ചായത്ത്, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തൂണേരി ബ്ലോക്ക് പഞ്ചായത്ത്, ചോറോട് ഗ്രാമപഞ്ചായത്ത് എന്നീ നാല് സ്റ്റേഷനുകൾ ഏതിലേക്കെങ്കിലും സ്ഥലം മാറ്റി നിയമനം നടത്തുകയോ അല്ലെങ്കിൽ തൽക്കാലം ടിയാനെ കോഴിക്കോട് കോർപ്പറേഷനിൽ നിലനിർത്തുകയോ ചെയ്യണമെന്ന് പരാമർശം (1) അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു. ശ്രീ അനീഷ് കുമാർ T P ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 237/2024ൻമേലുള്ള പരാമർശം(2) ഉത്തരവ് പ്രകാരം, അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന

അനക്ഷർ A 9 നിവേദനം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി പരിശോധിച്ച് പ്രസ്തുത നിവേദനത്തിൻമേൽ, ഉത്തരവ് കൈപ്പറ്റി 3 മാസത്തിനുള്ളിൽ സർക്കാർ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. മേൽപ്രകാരം പരിശോധന നടത്തിയതിൽ ,ശ്രീ.അനീഷ് കുമാർ ടി.പി.യുടെ ഒന്നാമത്തെ ഓപ്ഷൻ ടിയാൾ സേവനമനുഷ്ഠിച്ചിരുന്ന ജോയിന്റ് ഡയറക്ടറുടെ കാര്യാലയം ആയിരുന്നു. സ്ഥലം മാറ്റവുമായി ബന്ധപ്പെട്ടുള്ള ഉത്തരവ് പ്രകാരം ടിയാന്റെ ഒന്നാമത്തെ ഓപ്ഷൻ അനുവദിക്കുന്നതിന് സാധിക്കുകയില്ല. എന്നതിനാൽ കരട് സ്ഥലംമാറ്റ ഉത്തരവിൽ ടിയാന്റെ രണ്ടാമത്തെ ഓപ്ഷനായ കോഴിക്കോട് കോർപറേഷനിലേക്ക് ടിയാനെ അലോട്ട് ചെയ്തിരുന്നു. ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും 5 കിലോമീറ്റർ പരിധിയിലാണ് കോഴിക്കോട് കോർപ്പറേഷൻ. ശ്രീ.അനീഷ് കുമാർ ടി.പി. സ്ഥലം മാറ്റത്തിന് ഓൺലൈൻ സോഫ്റ്റ് വെയറിൽ സമർപ്പിച്ച രണ്ടാമത്തെ ഓപ്ഷനായ കോഴിക്കോട് കോർപ്പറേഷൻ മാറ്റി പകരം ടിയാന്റെ മൂന്നാമത്തെ ഓപ്ഷനായ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് രണ്ടാമത്തെ ഓപ്ഷനായി പരിഗണിക്കണമെന്ന് കാണിച്ച് കരട് സ്ഥലംമാറ്റ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിച്ചിരുന്നു. ഓൺലൈൻ സോഫ്റ്റ് വെയറിൽ സ്ഥലം മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള സ്റ്റേഷനുകളുടെ മുൻഗണന മാറ്റം വരുത്തുന്നതിന് അപ്പീൽ വഴിയോ അപ്രൂവിങ് അധികാരിയുടെ അധികാരം ഉപയോഗിച്ചോ സാധ്യമല്ലായിരുന്നു. ആയതിനാൽ ടിയാന്റെ അപ്പീൽ നിരസിച്ചുത്തരവായി. തുടർന്ന് , ശ്രീ.അനീഷ് കുമാർ ടി.പി, തന്റെ താമസ സ്ഥലത്തുനിന്നും ദിവസവും 120 കിലോമീറ്റർ ദൂരം സഞ്ചരിച്ച് കോഴിക്കോട് കോർപറേഷനിൽ പോയിവരുന്നത് ബുദ്ധിമുട്ടാണെന്നും ടിയാന്റെ താമസ സ്ഥലത്തുനിന്നും 20 കിലോമീറ്റർ ദൂരപരിധിയിലുള്ള തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ വരുന്ന ഒഴിവിലേക്ക് പരിഗണിക്കണമെന്ന് അപേക്ഷ സമർപ്പിച്ചത് പരിഗണിച്ചുകൊണ്ട് വടകര, തോടന്നൂർ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളിൽ ഒഴിവില്ലാത്തതിനാൽ ടിയാന്റെ താമസ സ്ഥലത്തു നിന്നും 21 കിലോമീറ്റർ ദൂരപരിധിയുള്ളതും വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്നതുമായ വാണിമേൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ കോഴിക്കോട് കോർപറേഷനിൽ നിന്നും വിടുതൽ ചെയ്ത ശ്രീ.അനീഷ് കുമാർ ടി.പി നിശ്ചിത സമയ പരിധിക്കുള്ളിൽ വാണിമേൽ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ ആവുകയും ആയതിനു ടിയാളിനു കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്.

3. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മേൽപ്പറഞ്ഞ വസ്തുതകൾ പരിശോധിച്ച്, നിലവിൽ ഹർജിക്കാരന് സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന അനക്ഷർ A 9 നിവേദനം പരിഗണിച്ച് ടിയാളുടെ താമസസ്ഥലത്തു നിന്നും 5 കിലോമീറ്റർ ദൂരമുള്ള വടകര നഗരസഭയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടെന്ന് പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. മേൽപ്രകാരം ശ്രീ. അനീഷ് കുമാർ T P ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 237/2024ൻമേലുള്ള 20-2-2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. അനീഷ് കുമാർ ടി.പി, S/o കണാരൻ,താഴെപുരയിൽ ഹൗസ്,ചോമ്പാല പി.ഒ, വടകര, കോഴിക്കോട്-673308.
അക്കൗണ്ടന്റ് ജനറൽ ( A & E/ Audit )കേരളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 29-06-2024 10:11:35
സെക്ഷൻ ഓഫീസർ